# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *114 — 13.06.2013-ൽ മറുപടിയ്ക്ക്

## മോണോറെയിൽ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പ്രദീപ്കുമാർ<br>,, എം.എ. ബേബി<br>ശ്രീമതി. കെ.എസ്. സലീഖ<br>ശ്രീ. വി. ശിവൻകുട്ടി | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഏതെല്ലാം മോണോറെയിൽ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ; ആദ്യം നൽകിയ ഭരണാനുമതി ഏത് മോണോറെയിലിനായിരുന്നു; അതിന്റെ നിർമ്മാണം ആരംഭിച്ചത് എന്നാണ് ; ഒടുവിൽ നൽകിയ ഭരണാനുമതി അനുസരിച്ചുള്ള നിർമ്മാണം എന്നു മുതൽ ആരംഭിക്കുമെന്നറിയിക്കുമോ; | (എ) സംസ്ഥാനത്ത് കോഴിക്കോട് തിരുവനന്തപുരം മോണോ റെയിൽ പദ്ധതികൾക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് മോണോ റെയിൽ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 09.10.2012-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.72/2012/പൊ.മ.വ. പ്രകാരവും, തിരുവനന്തപുരം മോണോ റെയിൽ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 30.05.2013-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 44/ 2013/പൊ.മ.വ. പ്രകാരവുമാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. കോഴിക്കോട് മോണോ റെയിൽ പദ്ധതിക്കാണ് ആദ്യം ഭരണാനുമതി നൽകിയത്. രണ്ട് പദ്ധതികളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. |
| (ബി) ഭരണാനുമതി നൽകപ്പെട്ട മോണോ റെയിലുകളുടെ മൊത്തം നിർമ്മാണച്ചെലവ് കണക്കാക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര വീതം ; ഭരണാനുമതി നൽകുന്നതിന് മുൻപ് പദ്ധതി ചെലവിനുള്ള പണം ഉറപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ; | (ബി) ഡി.എം.ആർ.സി. തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് പ്രകാരം കോഴിക്കോട് മോണോ റെയിൽ പദ്ധതിക്ക് ഏപ്രിൽ 2015-ൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് ഏകദേശം 1991 കോടി രൂപയും തിരുവനന്തപുരം പദ്ധതിക്ക് ഏപ്രിൽ 2019-ൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് ഏകദേശം 3590 കോടി രൂപയും വേണ്ടി വരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. പദ്ധതി ചെലവിന്റെ 20% കേന്ദ്ര സർക്കാരിന്റെ ജെ. എൻ. എൻ. യു. ആർ. എം. പദ്ധതിയിൽ ഉൾപ്പെടുത്തി |

ധനസഹായം ലഭ്യമാക്കുന്നതിനായി ശുപാർശ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി ചെലവിന്റെ 20% സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. ബാക്കി 60% പദ്ധതിയുടെ നിർമ്മാണ കമ്പനികൾ വഴിയും മറ്റ് ധനകാര്യ സ്ഥാപനങ്ങൾ വഴിയും സമാഹരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

(സി) സംസ്ഥാന ബജറ്റിൽ ഓരോ മോണോറെയിൽ പദ്ധതിയുടെയും ചെലവിലേക്ക് വകയിരുത്തപ്പെട്ട തുക എത്ര വീതമായിരുന്നു ; വിശദമാക്കുമോ ;

(സി) തിരുവനന്തപുരം കോഴിക്കോട് മോണോറെയിൽ പദ്ധതികൾ ഉൾപ്പെടെയുള്ള വിവിധ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് വേണ്ടി 2013-14 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ 846 കോടി രൂപ ഫ്ലാഗ്ഷിപ്പ് സ്കീമിൽ പ്രഖ്യാപിച്ചിട്ടുണ്ട്. തിരുവനന്തപുരം കോഴിക്കോട് മോണോറെയിൽ പ്രോജക്ടുകൾക്കായി ടോക്കൺ പ്രൊവിഷനായി 1 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ